**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **12-03-2025 - ൽ മറുപടിയ്ക്ക്**

**എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അക്കാദമിക ബ്ലോക്ക് പണിയുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | അക്കാദമിക് ബ്ലോക്ക് പണിയുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഐ.എച്ച്.ആർ.ഡി. യിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജിൽ പുതുതായി പണിത കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വ്യക്തമാക്കുമോ; | (ബി) | കെട്ടിട നമ്പരിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (സി) | കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഐ.എച്ച്.ആർ.ഡി. കോളേജിൽ (കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് കൊടുങ്ങല്ലൂർ) നിലവിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.കോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ബി.എ ഇംഗ്ലീഷ്, ബി.സി.എ കോഴ്സുകൾ ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന കോഴ്സുകൾ നടത്തുന്നതിനെ പറ്റി കൂടുതൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ